മംഗളം
13 November 2017

# ഇൻഷുറൻസ് 'കവറേജ്' മത്സ്യമേഖലയിൽ പൂർണമല്ല

കൊച്ചി: നിലവിലുള്ള ഇൻഷുറൻസ് പരിരക്ഷ രാജ്യത്തെ മത്സ്യമേഖലയ്ക്കു ഗുണകരമാകുന്നില്ലെന്നു സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) പഠന റിപ്പോർട്ട്. മറ്റു കാർഷിക മേഖലകൾക്കു കിട്ടുന്ന ഇൻഷുറൻസ് പരിരക്ഷ മത്സ്യമേഖലയ്ക്കു കിട്ടുന്നില്ലെന്നാണ് പഠനത്തിൽ കണ്ടെത്തിയിരിക്കുന്നത്.

കടലിൽ മീൻ പിടിക്കുന്നവർക്കുള്ള അപകട ഇൻഷുറൻസ് പരിരക്ഷ മാത്രമാണ് ഈ മേഖലയിൽ നിലവിലുള്ളത്. മീൻപിടിത്ത ബോട്ടുകൾക്കും ഉപകരണങ്ങൾക്കുമുള്ള കേടുപാട്, തീരദേശ ജംഗമവസ്തുക്കൾക്കു സംഭവിക്കുന്ന നാശനഷ്ടം തുടങ്ങിയവയ്ക്ക് പരിമിതമായ അളവിൽ മാത്രമാണ് ഇൻഷുറൻസ് പരിരക്ഷ നിലവിലുള്ളത്. മത്സ്യങ്ങൾ വൻതോതിൽ ഇല്ലാതാകുന്നതുകൊണ്ടുള്ള നഷ്ടം, കടലിൽ കൃഷിചെയ്യാനുപയോഗിക്കുന്ന കൂടുകൾക്കു സംഭവിക്കുന്ന കേടുപാട്, മത്സ്യകൃഷിയിൽ സംഭവിക്കുന്ന നഷ്ടം എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ നിലവിൽ എവിടെയുമില്ല.

സി.എം.എഫ്.ആർ.ഐയിലെ സാമൂഹിക സാമ്പത്തിക അവലോകന വിഭാഗം ശാസ്ത്രജ്ഞനായ ഡോ. ഷിനോജ് പാറപ്പുറത്താണ് പഠനത്തിനു നേതൃത്വം നൽകിയത്. കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലെ 14 മീൻപിടുത്ത കേന്ദ്രങ്ങളിലും കേരളത്തിലെയും തമിഴ്നാട്ടിലെയും മത്സ്യകർഷകർക്കിടയിലുമാണ് ഇവർ പഠനം നടത്തിയത്. മത്സ്യമേഖലയിലെ സഹകരണ സംഘങ്ങൾ, എൻ.ജി.ഒകൾ എന്നിവയുടെ സഹായത്തോടെ മത്സ്യത്തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാനും നിർദേശമുണ്ട്. പ്രീമിയം തവണകളായി അടയ്ക്കാനും ഭാഗികമായ കേടുപാടുകൾക്കു നഷ്ടപരിഹാരം നൽകുന്നതടക്കം ഇൻഷുറൻസ് പോളിസികളിൽ മാറ്റം വരുത്താനും പഠനം നിർദേശിക്കുന്നു.